(സി) പ്രസ്തുത റാങ്ക് ലിസ്റ്റുകളിൽ നിന്നും നിയമനം നടക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ എത്രയുംവേഗം ഈ ഒഴിവുകൾ നികത്താൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ, ബി, സി ആന്റ് ഡി) വിവരം ശേഖരിച്ചുവരുന്നു.

കാര്യക്ഷമത കൂട്ടുവാൻ പി.എസ്.സി. നടത്തുന്ന യത്നം

62 [836] ശ്രീ. വി. ജെ. പൗലോസ് :

ശ്രീമതി രാധാരാഘവൻ :

ശ്രീ. കെ. സുധാകരൻ :

,, ടി. യു. രാധാകൃഷ്ണൻ :

പ്രൊഫ. എ. ഡി. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി.-ക്ക് ലഭിക്കുന്ന അപേക്ഷകളിൽ പെട്ടെന്ന് തീർപ്പുണ്ടാക്കി കാര്യക്ഷമത കൂട്ടുവാൻ പി.എസ്.സി. നടത്തുന്ന യത്നത്തിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഈ നടപടികൾ സ്വീകരിച്ചതിനുശേഷം ഉദ്യോഗത്തിന് അപേക്ഷിച്ച ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ കാണാതായ സംഭവം ഉണ്ടായിട്ടുണ്ടോ ;

(സി) എങ്കിൽ അപേക്ഷ കാണാതാകുന്നത് എന്തുകൊണ്ടാണ് ; വിശദീകരിക്കാമോ ?

ഉത്തരം

(എ, ബി ആന്റ് സി) പി.എസ്.സി. യിൽ നിന്നും വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly